(എഫ്&ജി) 1-1-2000 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുന്നതിന് മുമ്പ് പരമാവധി 25,000 രൂപ എന്നതോതിൽ ആനുകൂല്യം അനുവദിച്ചിരുന്നു. 1-7-1999-നും 31-2-1999-നും ഇടയ്ക്ക് മേല്പറഞ്ഞ തരത്തിൽ വൈദ്യുതാഘാതം മൂലം മരണമടഞ്ഞ സംഭവങ്ങളിൽ ആനുകൂല്യം 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ടി. ഇൻഷുറൻസ് പദ്ധതി മുൻകാല പ്രാബല്യത്തിൽ നടപ്പിൽ വരുത്തുവാൻ നിയമതടസ്സമുണ്ട്.

വിദേശ സഹായത്തോടുകൂടി ശുദ്ധജല പദ്ധതി

15 (*45) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബാലറാം :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശസഹായത്തോടു കൂടി ഇപ്പോൾ എത്ര ശുദ്ധജല പദ്ധതികളുടെ പണി നടത്തിവരുന്നുണ്ട് ;

(ബി) ഇവയുടെ മൊത്തം അടങ്കൽ തുക എത്ര ;

(സി) പ്രസ്തുത പണികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ഈ പദ്ധതികൾക്ക് ഏതെല്ലാം വിദേശരാഷ്ട്രങ്ങൾ എന്തു തുക വീതമാണ് ധനസഹായം നല്കുന്നത് ;

(ഇ) ധനസഹായം നല്കുന്നത് ഏതെല്ലാം വ്യവസ്ഥയിലാണ് ;

(എഫ്) പണി ആരംഭിക്കേണ്ടതായ എതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം ഉറപ്പിച്ചിട്ടുണ്ട് ;

(ജി) ഏതെല്ലാം പദ്ധതികൾക്കാണ് ഈ വിദേശ സഹായം ലഭിക്കുന്നത് ;

(എച്ച്) ഏതെല്ലാം വിദേശരാജ്യങ്ങൾ ഇവയ്ക്കുവേണ്ടി എന്തു തുക വീതമാണ് നല്കാമെന്നേറ്റിരിക്കുന്നത് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെ കേരളത്തിൽ എട്ട് (8) ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിച്ചിരുന്നു. ഇവയിൽ കുണ്ടറ, പാവറട്ടി എന്നീ രണ്ട് പദ്ധതികൾ ഒഴികെ ബാക്കി പദ്ധതികളിലൂടെ ജലവിതരണം നടത്തിവരുന്നു. ജെ.ബി.ഐ.സി. (മുൻ. ഒ.ഇ.സി.എഫ്) ജപ്പാന്റെ സഹായത്തോടുകൂടി 5 ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ കരാറായിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നുണ്ട്. കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 80 പഞ്ചായത്തുകളിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ പുരോഗമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന കുണ്ടറ പദ്ധതിയുടെ അടങ്കൽ തുക 1606 ലക്ഷം രൂപയും പാവറട്ടി ജലവിതരണ പദ്ധതിയുടെ അടങ്കൽ തുക 4800 ലക്ഷം രൂപയുമാണ്. ജെ.ബി.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന 5 ശുദ്ധജലവിതരണ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 1787.45 കോടി രൂപയാണ്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 89.8 മില്യൺ അമേരിക്കൻ ഡോളറാണ് (ഏകദേശം 450 കോടി രൂപ)

(സി) നെതർലാന്റ് ധനസഹായത്തോടുകൂടി നടപ്പാക്കിവരുന്ന കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി മിക്കവാറും പൂർത്തികരിച്ചു കഴിഞ്ഞു പാവറട്ടി ജലവിതരണ പദ്ധതിയുടെ പണി 31-12-2000-ൽ പൂർത്തീകരിച്ചുകഴിഞ്ഞു. ജെ.ബി.ഐ.സി. സഹായത്തോടെയുള്ള കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെട്ട പദ്ധതികൾ കരാർ പ്രകാരം 2003 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനുള്ളത്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഘട്ടംഘട്ടമായി 2006-ൽ പൂർണ്ണമാകും.

(ഡി) നെതർലാന്റ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന കുണ്ടറ ജലവിതരണ പദ്ധതിക്ക് നെതർലാന്റ് ഗവൺമെന്റ് 13.65 കോടി രൂപ ധനസഹായമായി നല്കിയിട്ടുണ്ട്. പാവറട്ടി പദ്ധതിക്ക് 40.80 കോടി രൂപയാണ് നെതർലാന്റ് സഹായം. ജെ.പി.ഐ.സി. കരാറനുസരിച്ച് 382.07 കോടി രൂപ ആദ്യഘട്ടമായി ലഭിക്കും. ലോകബാങ്ക് പദ്ധതിക്ക് 65.5 മില്യൺ അമേരിക്കൻ ഡോളർ (ഏകദേശം 300 കോടി രൂപ) സഹായധനമായി പ്രതീക്ഷിക്കുന്നു.

(ഇ) നെതർലാന്റ് പദ്ധതികൾക്കുള്ള അടങ്കൽ തുകയിൽ ഭൂമി ഏറ്റെടുക്കുന്ന തുക കഴിച്ചുള്ള തുകയിൽ 10 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും കൂട്ടിയുള്ള തുകയുടെ 85ശതമാനം നെതർലാന്റ് ഗവൺമെന്റ് ധനസഹായമായി നല്കിവരുന്നു. ജെ.ബി.ഐ.സി. (മുൻ ഒ.ഇ.സി.എഫ്.) ജപ്പാനും കേന്ദ്രഗവൺമെന്റും തമ്മിലുണ്ടായ വായ്പാ കരാറിന്റെ പ്രധാന വ്യവസ്ഥകൾ താഴെകൊടുക്കുന്നു.

1. വാർഷിക പലിശ നിരക്ക് - 2.10 ശതമാനം
2. തിരിച്ചടക്കാനുള്ള കാലയളവ് - 20 വർഷം (10 വർഷത്തെ ഗ്രേസ് പിരീഡ് കഴിഞ്ഞശേഷം)
3. വായ്പതരുന്ന കാലയളവ്-ലോൺ എഗ്രിമെന്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 9 വർഷത്തിനുള്ളിൽ അവസാന ഗഡു വായ്പ കൈപ്പറ്റിയിരിക്കണം.
4. കരാർ വ്യവസ്ഥ അനുസരിച്ച് പ്രോജക്ടിന്റെ നടത്തിപ്പിന് ഇന്റർനാഷണൽ കൺസൾട്ടൻസിനെ നിയമിക്കേണ്ടതുണ്ട്.
5. കൺസൾട്ടന്റിനെ നിയമിക്കുന്നതു സംബന്ധിച്ച് ടേംസ് ഓഫ് ഫൈറൻസ്, ഷോർട്ട് ലിസ്റ്റ് ലെറ്റർ ഓഫ് ഇൻവിറ്റേഷൻ മുതലായവ ഒ.ഇ.സി.എഫ്-ന്റെ പരിശോധനയും അംഗീകാരത്തിനും നല്കണം. അവർ അപ്രകാരം അംഗീകാരം നല്കിക്കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് അവരുടെ മുൻകൂർ അനുവാദം ഇല്ലാതെ യാതൊരു മാറ്റവും വരുത്താൻ പാടില്ല എന്നും വ്യവസ്ഥയുണ്ട്. ലോകബാങ്ക് പദ്ധതിക്കുള്ള ധനസഹായം സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിന്റെ അതേ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ലഭ്യമാക്കുന്നത്. മൊത്തം ധനസഹായത്തിന്റെ 70 ശതമാനം കടമായും 30 ശതമാനം ഗ്രാന്റായുമാണ് ലഭിക്കുന്നത്. കടമായി ലഭിക്കുന്ന തുക 35 വർഷത്തിനുള്ളിൽ സംസ്ഥാന സർക്കാർ തിരിച്ചടക്കേണ്ടതാണ്.

(എഫ്&ജി) ഒ.ഇ.ബി.എഫും കേന്ദ്ര ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിധേയമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ വായ്പാസഹായം ലഭിക്കും.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശവും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും

ലോകബാങ്ക് സഹായം കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി നടത്തുന്ന പദ്ധതികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

(എച്ച്) ജപ്പാൻ 382.07 കോടി രൂപ ആദ്യഘട്ടമായി,കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കാൻ ലഭ്യമാക്കും ലോകബാങ്കിൽ നിന്നും 89.8 മില്യൺ അമേരിക്കൻ ഡോളർ ലഭിക്കും.

രണ്ടായിരമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി

16 (*46) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "രണ്ടായിരമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതിയുടെ പുരോഗതിയെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഈ പരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly